ഉത്തരം

(എ) നിയമനം നല്കിയിട്ടില്ല.

(ബി) 20-2-1996 വരെ ആരെയും നിയമിച്ചിട്ടില്ല. 40 പേരെ അഡ്വൈസ് ചെയ്തതിൽ ഇപ്പോഴുള്ള 17 ഒഴിവുകളിൽ ഒരാഴ്ചക്കുള്ളിൽ നിയമനം നടത്തുന്നതാണ്. ബാക്കി 23 പേർക്ക് വേക്കൻസി ഉണ്ടാകുന്ന മുറക്ക് നിയമനം നൽകുന്നതാണ്.

(സി) ഡിപ്പാർട്ടുമെന്റൽ നിയമനം, പ്രമോഷൻ എന്നീ രീതികളിൽ 1: 3: 2 എന്ന അനുപാതത്തിൽ 29 പേരെ നിയമിച്ചിട്ടുണ്ട്. ഇതിൽ 4 പേർ ഡിപ്പാർട്ടുമെന്റൽ നിയമനം വഴിയും 25 പേർ പ്രമോഷൻ വഴിയും (ഡിപ്ലോമക്കാർ 15-ഃ, സർട്ടിഫിക്കറുകാർ 10-ഃ) നിയമിക്കപ്പെട്ടവരാണ്. അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ ഒഴിവുകളിലേക്ക് നിയമാനുസൃത മായ അനുപാതം പാലിച്ചുകൊണ്ടാണ് നിയമനം നൽകിവരുന്നത്.

(ഡി) 5 ഒഴിവുകൾ.

(ഇ) അപ്ഗ്രഡേഷൻവഴി ആരെയും നിയമിച്ചിട്ടില്ല. അപ് ഗ്രഡേഷൻവഴി നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എസ്.സി.-യുടെ അനുമതിയും തേടി വരുന്നു.

വൈദ്യുതി ബോർഡിൽ സ്റ്റെനോഗ്രാഫർമാരുടെ ഒഴിവുകളിലേക്ക് നിയമനം

55 [2010] ശ്രീ എ കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ സ്റ്റെനോഗ്രാഫറുടെ ഒഴിവുകൾ പി എസ്.സി -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 51 ഒഴിവുകൾ.

(ബി) ഇല്ല.

(സി) 51 ഒഴിവുകൾ.

(ഡി) പി. എസ്. സി. അഡ്വൈസ് കിട്ടിയാലുടൻ നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly